## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്- ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി.എസ്.ആശമോളുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ. (സാധാ) നം. 3366/2015/തസ്വഭവ തീയതി, തിരുവനന്തപുരം, 16/11/2015**

---

പരാമർശം : 1. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.06.2015 ലെ ഇ 3-6483/15 നമ്പർ നടപടിക്രമങ്ങൾ

2. പഞ്ചായത്ത് ഡയറക്ടറുടെ 16.07.2015 ലെ ഇ 6-22105/2015 നമ്പർ കത്ത്.

### ഉത്തരവ്

ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി . എസ്. ആശമോളുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചു.

ശ്രീമതി. എസ്. ആശമോൾ 09.03.2010 ന് സേവനത്തിൽ പ്രവേശിച്ചു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിക്കാത്തതിനാൽ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 1 പ്രകാരം ടിയാളുടെ പ്രൊബേഷൻ കാലയളവ് 19.04.2012 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നല്കിയിരുന്നു. 14.08.2014 ൽ ടിയാൾ എം. ഒ. പി പരീക്ഷ വിജയിച്ചു. ആയതിനാൽ തൊട്ടടുത്ത ദിവസമായ 15.08.2014 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാളുടെ നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുമാറ് 16.08.2014 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നത്.

പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക്ഗ്രാമപഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി. എസ്. ആശമോൾ എം. ഒ. പി പരീക്ഷ വിജയിച്ച 14.08.2014 ന്റെ തൊട്ടടുത്ത ദിവസമായ

15.08.2014 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുമാറ് 16.08.2014 വരെ കെ. എസ് & എസ്. എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്താഫീസ്, പുന്നപ്ര വടക്ക് പി.ഒ,
( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ